**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5899

9.7.2012ൽ
മറുപടിയ്ക്ക്

**മാവേലിക്കര മണ്ഡലത്തിൽ മാവേലിസ്റ്റോറുകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. രാജേഷ് ; | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| മാവേലിക്കര മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ ; മാവേലി സ്റ്റോറുകൾ ലഭ്യമാകുന്നതിനുള്ള മാനദണ്ഡം ഏതാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | മാവേലിക്കര നിയോജകമണ്ഡലത്തിൽ നിലവിൽ സപ്ലൈകോയുടെ 6 സൂപ്പർ മാർക്കറ്റുകളും, 6 മാവേലി സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ മാവേലിക്കര മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. നിലവിൽ മാവേലി സ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനാണ് സപ്ലൈകോ പരിഗണന നൽകുന്നത്. സാമ്പത്തികപരമായും സാമൂഹികമായും ഗുണകരമാവുന്ന സ്ഥലങ്ങളിൽ 2 വർഷത്തേക്ക് വാടകരഹിതമായി 500 ച. അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കെട്ടിട സൗകര്യവും കമ്പ്യൂട്ടറിനും അനുബന്ധ സാമഗ്രികൾക്കുമായി 40,000 രൂപയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അധികാരികൾ ലഭ്യമാക്കണമെന്നാണ് നിലവിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള മാനദണ്ഡം, ഇതോടൊപ്പം ജീവനക്കാരുടെ ലഭ്യതയും പരിഗണിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ